# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3151

03/04/2013 - ലെ മറുപടിയ്ക്ക്

## ഇ-പെയ്മെന്റ് സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിൽ ഇ.പെയ്മെന്റ് സംവിധാനം നടപ്പിലാക്കുക വഴി എന്തെല്ലാം പ്രയോജനങ്ങളാണ് കർഷകർക്ക് ലഭ്യമാവുക എന്ന് വിശദമാക്കുമോ ; | (എ) | സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നം.152/2012 തീയതി 19/06/2012 പ്രകാരമാണ് ഇ-പെയ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇത് നടപ്പിലാക്കുക വഴി കർഷകർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം അവരുടെ അക്കൗണ്ടിൽ എത്തുകയും അതുവഴി കൃഷി സമയബന്ധിതമായി ചെയ്യുവാനും സാധിക്കുന്നു.<br><br>ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ എളുപ്പത്തിൽ ലഭ്യമാകുന്നതാണ്.<br><br>കാർഷിക വിജ്ഞാനവ്യാപന പ്രവർത്തകരായ കൃഷി ഓഫീസർമാർക്ക് കർഷകരുടെ ഫീൽഡിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് സമയം കിട്ടുന്നു. |
| (ബി) ഈ സംവിധാനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ; | (ബി) | കൃഷി വകുപ്പ് പ്രത്യേകിച്ച് ഇതിലേക്കായി പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ കൃഷിയിടങ്ങളിൽ കർഷകരും കൃഷി ഉദ്യോഗസ്ഥരും പദ്ധതി നടത്തിപ്പിൽ നേരിടുന്ന കാലതാമസവും ബുദ്ധിമുട്ടും പരിഹരിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. |

| | | |
|---|---|---|
| (സി) ഈ സംവിധാനം നടപ്പിലാക്കുകവഴി കർഷകർക്ക് കൃഷി വകുപ്പ് മുഖേന നൽകിവരുന്ന സബ്സിഡികൾ ലഭി ക്കുന്നതിൽ കാലതാമസം വരുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിന് കാരണ ങ്ങൾ എന്തെല്ലാമാണെന്ന് അറിയി ക്കുമോ; | (സി) (ഡി) & (ഇ) | ഈ സംവിധാനം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും എല്ലാ ബാങ്കുകളുടെയും ഇ-പെയ്മെന്റ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും ചില താൽക്കാലിക കാലതാമസമുണ്ടായിട്ടുണ്ട്. എന്നാൽ നിലവിൽ ഇവയെല്ലാം പരിഹരിക്കപ്പെടു കയും ഈ പദ്ധതി ഇപ്പോൾ സുഗമമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. |
| (ഡി) കാലതാമസം പരിഹരിക്കാൻ എന്തെ ങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ ; | | |
| (ഇ) എങ്കിൽ നടപടികളുടെ വിശദാംശ ങ്ങൾ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ